"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ-ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി-രണ്ടര ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും തദ്ദേശ സ്ഥാപനതല ഗുണഭോക്തൃ സംഗമത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തദ്ദേശ സ്ഥാപന തലത്തിലും സംസ്ഥാന തലത്തിലും സംഘടിപ്പിക്കുന്നതിനും പരമാവധി 5 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ലൈഫ് മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു-

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

G.O.(Rt)No.195/2021/LSGD തീയതി,തിരുവനന്തപുരം, 23/01/2021

പരാമർശം:- 1 05.01.2021-ൽ ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ആലോചന യോഗത്തിലെ 16-ാം നമ്പർ തീരുമാനം.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19-01-2021, 21.1.2021 തീയതികളിലെ LF/2371/2020/2.5 Lakh Houses നമ്പർ കത്തുകൾ.

3. 20.1.2021-ലെ സ. ഉ. (സാധാ) നം. 153/2020/തസ്വഭവ.

**ഉത്തരവ്**

ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ ലൈഫ് മിഷൻ നേരിട്ടും വിവിധ വകുപ്പുകൾ മുഖേനയും നിർമ്മിച്ച രണ്ടര ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും തദ്ദേശ സ്ഥാപനതല ഗുണഭോക്തൃ സംഗമത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും 2021 ജനുവരി 28 രാവിലെ 10.30-ന് ബഹു. മുഖ്യമന്ത്രി ഓൺലൈനായി നടത്തുന്നതിനും അതോടനുബന്ധിച്ച് തദ്ദേശ സ്ഥാപന തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പരാമർശം (1) പ്രകാരം പരിപാടിയുടെ നടത്തിപ്പിലേക്കായി തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ലൈഫ് മിഷനിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി സർക്കാരിൽ നിന്നും നൽകേണ്ടതാണ് എന്ന് തീരുമാനിച്ചിരുന്നു. ആകയാൽ മേൽ പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നോട്ടീസ്, പോസ്റ്റർ, ഹോർഡിംഗ് തുടങ്ങിയ പ്രചാരണ പ്രവർത്തനങ്ങൾക്കായി ലൈഫ് മിഷൻ അഡ്മിൻ ഫണ്ടിൽ നിന്നും (യൂണിയൻ ബാങ്ക് അക്കൗണ്ട് നം.336301010211134 CD General) പരമാവധി 5 ലക്ഷം രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. പരാമർശം(1) ന്റെ

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2021 ജനുവരി 28 രാവിലെ 10.30-ന് ബഹു.മുഖ്യമന്ത്രി ഓൺലൈനായി നടത്തുന്ന രണ്ടര ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും തദ്ദേശ സ്ഥാപനതല ഗുണഭോക്തൃ സംഗമത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തിലേക്കായും അതോടനുബന്ധിച്ച് തദ്ദേശ സ്ഥാപന തലത്തിലും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പരിപാടികൾ സംഘടിപ്പിക്കുന്നതിനും നോട്ടീസ്, പോസ്റ്റർ, ഹോർഡിംഗ് ഉടങ്ങിയ പ്രചാരണ പ്രവർത്തനങ്ങൾക്കായുമുള്ള ചെലവ് 5 ലക്ഷം രൂപയിൽ അധികരിക്കരുതെന്നും ചെലവായ തുക സംബന്ധിച്ച രേഖകൾ സർക്കാരിൽ സമർപ്പിക്കണം എന്നുമുള്ള നിബന്ധനയോടെ ലൈഫ് മിഷൻ അഡ്മിൻ ഫണ്ടിൽ നിന്നും (യൂണിയൻ ബാങ്ക് അക്കൗണ്ട് നം.336301010211134 CD General) പരമാവധി 5 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ലൈഫ് മിഷന് യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2021.01.23 17:27:18 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്.

---

---

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ